


# അധികം സ്നേഹിച്ചവൾ

ബ്ര. ടോണി മങ്ങാട്ടുപൊയ്കയിൽ MCBS
Vol. 11, Issue: 59

**ദി**വ്യകാരുണ്യ ഈശോയിൽ ഏറ്റവും സ്നേഹം നിറഞ്ഞ മാതാപിതാക്കളേ, പ്രിയ സഹോദരങ്ങളേ,

പരിശുദ്ധാത്മാവിനെ സ്വീകരിച്ച ശ്ലീഹന്മാർ ക്രിസ്തുവിന്റെ നാമത്തെപ്രതി പീഢകൾ സഹിക്കുന്നതിൽ ആനന്ദിച്ച് ലോകത്തിന്റെ അതിർത്തികൾ വരെ സുവിശേഷം പ്രസംഗിച്ച് സഭയെ വളർത്തിയതിന്റെ ഓർമ്മയാചരിക്കുന്ന ശ്ലീഹാക്കാലത്തിലൂടെയാണ് നാം ഇപ്പോൾ കടന്നുപോകുന്നത്. ഇന്നത്തെ രണ്ടാമത്തെ വായനയും നമ്മെ ഓർമ്മിപ്പിച്ചത് ഇതുതന്നെയാണ്. ന്യായാധിപസംഘത്തിനു മുമ്പിൽ ക്രിസ്തുവിന് സാക്ഷ്യം വഹിക്കുന്ന പത്രോസിനെയും യോഹന്നാനെയുമാണ് നടപടി പുസ്തകം നമുക്കു മുമ്പിൽ അവതരിപ്പിച്ചത്.

മനുഷ്യന്റെ അവിശ്വസ്തതകളുടെയും ഇടർച്ചകളുടെയും പാപത്തിന്റെയുംമേൽ ദൈവത്തിന്റെ കാരുണ്യം വർഷിക്കപ്പെടുന്നതിനെ അനുസ്മരിപ്പിക്കുന്ന തിരുവചനഭാഗങ്ങളാണ് തിരുസഭ നമുക്കിന്ന് പരിചിന്തനത്തിനായി നൽകിയിരിക്കുന്നത്. ജീവിതത്തിന്റെ ഇടർച്ചകളെ മുഴുവൻ ക്രിസ്തുവിന്റെ പാദാന്തികത്തിൽ ഇറക്കിവച്ച് ദൈവകാരുണ്യം സ്വന്തമാക്കി ജീവിതത്തിലേയ്ക്ക് സന്തോഷത്തോടെ മടങ്ങുന്ന പാപിനിയുടെ ചിത്രമാണ് ലൂക്കാ സുവിശേഷകൻ നമുക്കു മുമ്പിൽ അവതരിപ്പിക്കുന്നത്. യഹൂദജനത അവജ്ഞയോടെ വീക്ഷിച്ചിരുന്ന ചുങ്കക്കാർക്കും വ്യഭിചാരികൾക്കും പാപികൾക്കും സ്ത്രീകൾക്കുമൊക്കെ ക്രിസ്തുവിന്റെ രാജ്യത്തിലും ഹൃദയത്തിലും ഇടമുണ്ടെന്ന് കാട്ടിത്തന്ന സുവിശേഷകനാണ് വി. ലൂക്കാ.

യവനപാരമ്പര്യങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞ, യഹൂദപ്രമാണിമാരുടെ ഇടയിൽ നിലവിലിരുന്ന ഒരു പതിവായിരുന്നു സമൂഹത്തിൽ ജ്ഞാനികളായവരെ വീട്ടിലേയ്ക്ക് ക്ഷണിച്ച് വിരുന്ന് നൽകുകയും അവരുമായി ജ്ഞാനവാദങ്ങളിൽ ഏർപ്പെടുകയും ചെയ്യുക എന്നത്. ഈ പതിവിന്റെ ചുവടുപിടിച്ചാണ് ശിമയോൻ ഈശോയെ വീട്ടിലേയ്ക്ക് ക്ഷണിക്കുന്നതും ഈശോ ശിമയോന്റെ വിരുന്നിൽ അതിഥിയായി എത്തുന്നതും. ശിമയോൻ ഈശോയ്ക്കു വേണ്ടി തയ്യാറാക്കിയ വിരുന്നിൽ വിളിക്കപ്പെടാതെ വന്നെത്തി ദൈവകാരുണ്യത്തിന്റെ വിരുന്നുണ്ട് സംതൃപ്തിയോടെ മട

ങ്ങുന്ന പാപിനിയുടെ ചിത്രമാണ് സുവിശേഷകൻ നമുക്കു മുമ്പിൽ വരച്ചുകാട്ടുന്നത്.

വിശുദ്ധ ഗ്രന്ഥത്തിലുടനീളം നിഴലിക്കുന്ന, മനുഷ്യനോടുള്ള ദൈവത്തിന്റെ സ്ഥായിയായ മനോഭാവമാണ് കാരുണ്യം. ആത്മാവ് ശരീരത്തിൽ നിന്നും വേർപെടുന്ന മരണം എന്ന യാഥാർത്ഥ്യത്തിൽ എത്തിച്ചേരുവോളം അനുതാപം വഴി ദൈവം സൗജന്യമായി നൽകുന്ന കാരുണ്യം സ്വന്തമാക്കുവാൻ ഒരുവനു സാധിക്കും. അനുതാപത്തിലൂടെ ദൈവകാരുണ്യം സ്വന്തമാക്കുന്ന ഇസ്രായേലിന്റെ ചരിത്രമാണ് ഇന്നത്തെ ഒന്നാം വായനയിൽ നാം വായിച്ചുകേട്ടത്. പാപത്തിന്റെ പരിണിതഫലമായി ഇസ്രായേലിൽ കൊടും വരൾച്ചയുണ്ടാവുകയും വരൾച്ചയിൽ നാടും നഗരവും നശിക്കുകയും ചെയ്യുമ്പോൾ ജോയേൽ പ്രവാചകൻ ജനത്തോട് ദൈവകാരുണ്യത്തിനായി യാചിക്കുവാൻ ആഹ്വാനം ചെയ്യുന്നു. ജനത്തിന്റെ അനുതാപം കണ്ട് ദൈവം കരുണ തോന്നി ഇസ്രായേലിൽ മഴ വർഷിക്കുന്നു. ഇതുപോലെ തന്നെ അനുതാപത്തിലൂടെ ജീവിതത്തിൽ ദൈവകാരുണ്യത്തിന്റെ വർഷം സ്വന്തമാക്കിയവളാണ് സുവിശേഷത്തിലെ പാപിനി.

ഈ സുവിശേഷഭാഗം വായിച്ചു ധ്യാനിക്കുമ്പോൾ തിരുസഭ നമുക്കു മുമ്പിൽ ഉയർത്തുന്നത് രണ്ട് വെല്ലുവിളികളാണ്. ഒന്നാമതായി, ഈശോയെപ്പോലെ കരുണയുള്ളവരാകാനുള്ള വെല്ലുവിളി. ഒരിക്കൽ പ്രസിദ്ധ സാഹിത്യകാരനായ ലിയോ ടോൾസ്റ്റോയി വഴിയരികിലൂടെ നടക്കുമ്പോൾ ഒരു യാചകൻ അദ്ദേഹത്തെ സമീപിച്ച് ഭിക്ഷ യാചിച്ചു. തന്റെ പഴ്സ് തുറന്ന്, അതിൽ പണമില്ല എന്ന് തിരിച്ചറിഞ്ഞ അദ്ദേഹം വ്യസനത്തോടെ ആ യാചകനെ ചേർത്തുപിടിച്ചുകൊണ്ട് പറഞ്ഞു: ''സ്നേഹിതാ, നിനക്ക് തരുവാൻ എന്റെ കയ്യിൽ പണമൊന്നുമില്ലല്ലോ.'' ഉടനെ ആ മനുഷ്യൻ നെടുവീർപ്പെട്ട് കരയാൻ തുടങ്ങി. ടോൾസ്റ്റോയി അയാളെ അണച്ചുപിടിച്ചുകൊണ്ട് കാരണം ആരാഞ്ഞപ്പോൾ അയാൾ ഇപ്രകാരം മറുപടി പറഞ്ഞു: ''ജീവിതത്തിൽ ആദ്യമായിട്ടാണ് ഒരാൾ എന്നെ നെഞ്ചോട് ചേർത്തുപിടിക്കുന്നതും സ്നേഹിതാ എന്ന് അഭിസംബോധന ചെയ്യുന്നതും.''

അപരനെ സ്നേഹിതനും സഹോദരനുമായി കാണാൻ കഴിയുന്ന ആത്മീയതയിലേയ്ക്ക് വളരാനാണ് സുവിശേഷം ഇന്ന് നമ്മോട് ആവശ്യപ്പെടുന്നത്. വഴിയരികിൽ കണ്ടുമുട്ടുന്ന യാചകരിൽ, വീട്ടിൽ സഹായം അഭ്യർത്ഥിച്ചുവരുന്ന നിസ്സഹായരിൽ, അനാഥാലയങ്ങളിൽ കഴിയുന്ന അഗതികളിൽ ഒക്കെ സഹോദരനെയും സ്നേഹിതനെയും കാണാൻ കഴിയുന്ന കരുണയുടെ മനോഭാവം ക്രിസ്തുവിൽ നിന്നും നമുക്ക് സ്വന്തമാക്കാം.

സുവിശേഷം നമുക്കു മുമ്പിൽ ഉയർത്തുന്ന രണ്ടാമത്തെ വെല്ലുവിളി പാപിനിയെപ്പോലെ സ്നേഹിക്കാനുള്ളതാണ്. ഈ പെൺകുട്ടിയെ നോക്കി ക്രിസ്തു പറഞ്ഞത്, ''അവൾ അധികം സ്നേഹിച്ചു. അതിനാൽ അവളുടെ നിരവധിയായ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു'' എന്നാണ്. ക്രിസ്തുവിനെ അധികം സ്നേഹിക്കുവാനുള്ള വെല്ലുവിളി ഏറ്റെടുക്കുമ്പോൾ നമുക്ക് ഈ പാപിനിയുടെ ഹൃദയഭാവങ്ങളോടൊപ്പം അവളുടെ സ്നേഹപ്രവർത്തികളെയും അനുകരിക്കാം.

ആദ്യമായി, പാപിനിയെപ്പോലെ ക്രിസ്തു ആയിരിക്കുന്ന ഇടങ്ങളിലേയ്ക്ക് നമുക്ക് കടന്നുചെല്ലാം. ദൈവസാന്നിദ്ധ്യം കുടികൊള്ളുന്ന ദൈവാലയത്തിലേയ്ക്കും സക്രാരിയുടെ അരികിലേയ്ക്കും നമുക്ക് നിരന്തരം പ്രാർത്ഥനയോടെ അണയാം. രണ്ടാമതായി, തന്റെ പാപജീവിതത്തെ മുഴുവൻ ക്രിസ്തുവിന്റെ പാദാന്തികത്തിൽ ഇറക്കിവച്ച പാപിനിയെപ്പോലെ ജീവിതത്തിൽ വന്നുപോകുന്ന പാപങ്ങളെയൊക്കെ അനുതാപത്തോടെ, കാലതാമസം കൂടാതെ ക്രിസ്തുവിന്റെ കുമ്പസാരക്കൂടിനു മുമ്പിൽ ഏറ്റുപറഞ്ഞ് അവയെ കഴുകിയകറ്റാം. മൂന്നാമതായി, അവന്റെ പാദങ്ങളിൽ ഇടവിടാതെ ചുംബിച്ച ആ പെൺകുട്ടിയെപ്പോലെ അനുദിന ജീവിതത്തിലെ സകല തിരക്കുകൾക്കിടയിലും നമുക്ക് നിരന്തരം ദൈവസാന്നിദ്ധ്യ സ്മരണ പുലർത്താം. നാലാമതായി, അവന്റെ പാദങ്ങളിൽ സുഗന്ധതൈലം പൂശിയ പാപിനിയെപ്പോലെ നല്ല സംഭാഷണത്തിലൂടെ, നല്ല പെരുമാറ്റത്തിലൂടെ, നല്ല ചിന്തകളിലൂടെ നന്മയുടെ സുഗന്ധം നമ്മുടെ ജീവിതപരിസരങ്ങളിൽ വിതറാം. നമുക്ക് ഒരുമിച്ചു പ്രാർത്ഥിക്കാം... ഈശോയേ, നിന്നെപ്പോലെ കരുണ കാണിക്കുവാൻ സുവിശേഷത്തിലെ പാപിനിയെപ്പോലെ നിന്നെ അധികം സ്നേഹിക്കുവാൻ ഞങ്ങൾക്ക് കൃപയും ബലവും നൽകണമേ.